## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** **04-07-2022 - ൽ മറുപടിയ്ക്ക്**

## പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത റോഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.ഡബ്ല്യു.ഡി. വകുപ്പ് മുഖേന എത്ര റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയെന്നും ആയതിനായി എത്ര തുക അനുവദിച്ചെന്നും ആയതിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പിന്റെ 266 റോഡ് പ്രവൃത്തികൾക്കായി 1196.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 26 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പരിപാലന കാലാവധി കഴിഞ്ഞ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലേക്ക് മാറ്റുന്നതിന്റെ ആദ്യഘട്ടമായി 117.30 കോടി രൂപയുടെയും രണ്ടാം ഘട്ടമായി 184.986 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 12332 കി.മീ റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കെ.ആർ.എഫ്.ബി വിഭാഗത്തിനു കീഴിൽ കൊല്ലം നഗര പാത വികസന പദ്ധതി നടപ്പാക്കുന്നതിന് ഡി.ബി.എഫ്.ഒ.റ്റി- ആന്വിറ്റി വ്യവസ്ഥയിൽ നഗരത്തിലെ 23.76 കി.മീ നീളത്തിലുള്ള 3 റോഡുകളുടെ വികസനവും തുടർന്ന് 15 വർഷത്തെ പരിപാലനത്തിനുമായി 365.34 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് കോ-ഓർഡിനേറ്ററെയും എൽ.എ യൂണിറ്റിനെയും നിയമിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കോട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി ഡി.ബി.എഫ്.ഒ.റ്റി- ആന്വിറ്റി വ്യവസ്ഥയിൽ 1.70 കി.മീ മേൽപ്പാലനിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കാനായിട്ടുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | ഏറനാട് മണ്ഡലത്തിൽ ഇക്കാലയളവിൽ | (ബി) | കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ കഴിഞ്ഞ |

| | | | |
|---|---|---|---|
| | പി.ഡബ്ല്യു.ഡി. മുഖേനയുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയതിനായി എത്ര രൂപ അനുവദിച്ചെന്നും പ്രസ്തുത പ്രവർത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; | | സർക്കാരിന്റെ കാലത്ത് അനുമതി ലഭിച്ച എരഞ്ഞിമാവ്-എടവണ്ണ-സൗത്ത് പുത്തലം-നെല്ലിപ്പറമ്പ് റോഡിന്റെ നവീകരണ പ്രവൃത്തികൾ നടന്നു വരുന്നു. ഈ പ്രവൃത്തിയുടെ കരാർ തുക 189,76,50,000/- രൂപയാണ്. ഈ നവീകരണ പ്രവൃത്തിയുടെ 88% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കലുങ്ക് നിർമ്മാണം മുഴുവനായും ഓടനിർമ്മാണം 90 ശതമാനവും, ഡി.ബി.എം 95 ശതമാനവും, ബി.സി 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. റോഡരികിലെ ഇന്റർലോക്ക് പാകലും, നടപ്പാത നിർമ്മാണവും, തെരുവ് വിളക്ക് സ്ഥാപിക്കലും, ബസ് കാത്തിരുപ്പ് കേന്ദ്ര നിർമ്മാണവും, റോഡിലെ ട്രാഫിക് മാർക്കിങ്ങും നടന്നു വരുന്നു.<br><br>നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കു കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എം.ഡി.ആർ. നിലവാരത്തിലുള്ള പഞ്ചായത്ത് റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം റോഡുകളാണ് ഇത്തരത്തിൽ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുള്ളതെന്ന് റോഡുകളുടെ പേരുൾപ്പെടെയുള്ള വിശദാംശം നൽകുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പഞ്ചായത്ത് റോഡുകൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

നിയമസഭ

LA NO.1190(B)

| Sl.No | Name of work | LAC | | Head of account | A.S No. | Amount | Current Stats of work | Physical Progress (%) |
|---|---|---|---|---|---|---|---|---|
| **Eranad LAC** | | | | | | | | |
| 1 | Budget work 2021-22 Construction of retaining wall at Mathilmoola and Rectification of Akambadam Pathar Road from KM 4/500 to KM 8/200 in Eranad LAC Malappura District | Eranad | 2021-22 | 5054-04-337-99 | GO(Rt)No.730/2021/PWD dated,Thiruvananthapuram 13.08.2021 [(GO(Rt)No.149/2022/PWD dated,Thiruvananthapuram 09.02.2022)- Revised AS] | 550 | Gabbion Work started.cross drainage work started | 15% |

കെട്ടിടം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ. |
|---|---|---|---|
| 1 | NABARD RIDF XXIII-Construction of the School building for GMIUPS Thuvakkad (Upgraded as GHS Pannipara) | 200 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | NABARD RIDF XXIII-Infrastructure works - Construction of a building for GUPS Vettilappara (Upgraded as GHS Vettilappara) in Malappuram District (12 Class rooms) | 200 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | NABARD RIDF XXIII-Infrastructure works - The construction of a new academic (Including 15 class rooms) for Govt. UPS Vadasseri (Upgraded as GHS Vadasseri) in Malappuram District. | 200 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 4 | NABARD RIDF XXIII-Infrastructure works - The construction of a building for GMUPS Perakamanna (Upgraded as GHS Perakamanna) in Malappuram District. (15 class rooms) | 200 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 5 | General Education Department - Annual Plan 2019-20 Construction of School building of Govt. Higher Secondary School, Areecode, Malappuram. | 96 | പൂർത്തീകരണ ഘട്ടത്തിലാണ് |
| 6 | General Education Department - Annual Plan 2020-21 Construction of School building of Seethihaji Memorial Higher Secondary School" Phase -2 Edavanna, Malappuram. | 356 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാർ ചെയ്തു വരികയാണ്. |